LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 333/15 u/s 174 CrPC. ടി കേസിൽ പ്രതികളായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിലേക്ക് അന്വേഷണം നടന്നു വരികയാണ്.

(സി) അന്വേഷണം ശരിയായരീതിയിൽ നടത്തണമെന്ന് കാണിച്ച് മരണപ്പെട്ടയാളുടെ അമ്മ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. കൂടാതെ അന്വേഷണം സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനു കൈമാറണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കഞ്ഞിരാമൻ മുഖേന സർക്കാരിലും പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട കേസ്സിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പോസ്റ്റ്മോർട്ട് റിപ്പോർട്ടിലും അന്വേഷണത്തിലും ശാസ്ത്രീയ പരിശോധനയിലും മുങ്ങിമരിച്ചതാണെന്ന് വ്യക്തമായിട്ടുള്ളതാണ്. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിന് അന്വേഷണം നടന്ന് വരികയാണ്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

207 (2035) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തരവകുപ്പ് മന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര ; ഓരോ പദ്ധതിയുടേയും നിലവിലെ അവസ്ഥ എന്ത് ; ഓരോ പദ്ധതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

പോലീസ് വകുപ്പിൽ 2011-12-ലെ മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 6.67 ലക്ഷം രൂപ ചെലവിൽ പയ്യോളി സർക്കിൾ ഓഫീസിന് പുതിയ കെട്ടിടവും 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 25 ലക്ഷം രൂപ ചെലവിൽ പയ്യോളിയിൽ ഒരു കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിച്ചിട്ടുണ്ട്.

13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാപ്പാട് എന്ന സ്ഥലത്ത് ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നു. 20 ലക്ഷം രൂപ ചെലവ് വരുന്ന ഇതിന്റെ നിർമ്മാണവും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നടത്തുന്നത്.

കൂടാതെ കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ 50 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടി കോടതി പരിസരത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.

കൊയിലാണ്ടി സബ് ജയിലിൽ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 2013-14-ൽ 293143 രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) ചെലവിൽ മൂന്ന് കിലോ വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് എമ്പാനൽ ചെയ്ത ടാറ്റാ പവർ സോളാർ സിസ്റ്റംസ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്.

പിൻവലിച്ച കേസുകൾ

208 (2036) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ക്രൈം കേസുകളും വിജിലൻസ് കേസുകളും പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ ;

(സി) പിൻവലിച്ച വിജിലൻസ് കേസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 5607 ക്രൈം കേസുകളും 12 വിജിലൻസ് കേസുകളും പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

(ബി) രാഷ്ട്രീയ സംഘടനകൾ നടത്തിയ ഉപരോധം, പ്രകടനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളും, ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസുകളും അഴിമതി ആരോപണ സംബന്ധമായ വിജിലൻസ് കേസുകളും.

(സി) 4 കേസുകൾ.

1. വി.സി.03/1997/ കെ.എസ്.ഡി
2. വി.സി.06/2009 /സി.ആർ.ഇ.
3. വി.സി.07/ 2009 /സി. ആർ.ഇ.
4. വി.സി.08/2006 /കെ.എൻ.ആർ.

LIBRARY ARCHIVES Kerala Legislative Assembly